"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ആർഡി3/118/2024-തസ്വഭവ
തദ്ദേശസ്വയംഭരണ (ആർഡി) വകുപ്പ്
തിരുവനന്തപുരം,
തീയതി: **10-04-2026**

<u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ജനന മരണ രജിസ്ട്രേഷൻ - ജനന മരണ രജിസ്ട്രേഷനിലെ തെറ്റ് തിരുത്തുന്നത് സംബന്ധിച്ച സർക്കുലർ റദ്ദ് ചെയ്ത് പുതിയ നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. **31.05.2023** തീയതിയിലെ **50817**/ആർഡി/**3**/**12**/തസ്വഭവ നമ്പർ സർക്കുലർ.
2. **22.10.2024**, **16.08.2025** തീയതികളിലെ മുഖ്യജനനമരണരജിസ്ട്രാറുടെ **LSGD/PD/31203/2024-CR1** നമ്പർ കത്തുകൾ.

ജനന രജിസ്ട്രേഷനിൽ മാതാപിതാക്കളുടെ പേര് തിരുത്തൽ വരുത്തുന്നത് സംബന്ധിച്ച നടപടികൾ ലളിതമാക്കുന്നതിനായി *"... മാതാപിതാക്കളുടെ പേര് (ഇനിഷ്യൽ വികസിപ്പിക്കൽ, വിവാഹ ശേഷം ഭാര്യയുടെ പേരിനൊപ്പം ഭർത്താവിന്റെ പേര് ചേർത്തിട്ടുള്ള വിവരം, മേൽവിലാസത്തിൽ ഉണ്ടാവുന്ന അക്ഷരത്തെറ്റുകൾ -എന്നിവ) തിരുത്തുന്നതിന് നോട്ടറി, 2 ഗസറ്റഡ് ഓഫീസർമാർ, വില്ലേജ് ഓഫീസർ എന്നിവരുടെ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തിയും മറ്റു ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും രജിസ്ട്രേഷനുകളിൽ തിരുത്തൽ വരുത്താവുന്നതാണ് "* എന്ന് സൂചന **(1)** സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇപ്രകാരം സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടി വരുന്നത് അപേക്ഷകർക്ക് വളരെയധികം ബുദ്ധിമുട്ടുകളുണ്ടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ജനന മരണ രജിസ്ട്രേഷനുകളിൽ തിരുത്തലുകൾ വരുത്തുന്നത് **1969**-ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റിലെ വകുപ്പ് **15**, **1999**-ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം **11** എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ്. **1969** -ലെ ജനനമരണ രജിസ്ട്രേഷൻ ആക്റ്റിലെ വകുപ്പ് **15**

പ്രകാരം, രജിസ്റ്ററിലെ ഏതെങ്കിലും വിവരം തെറ്റാണെന്ന് രജിസ്ട്രാർക്ക് ഉത്തമബോധ്യം ഉണ്ടായാൽ ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെട്ട പ്രകാരം തിരുത്തൽ നടപടി സ്വീകരിക്കാവുന്നതാണെന്നും 1999 -ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 11 (2) പ്രകാരം രണ്ട് വിശ്വസനീയ വ്യക്തികളുടെ സത്യവാങ്മൂലം ഹാജരാക്കുന്നതിന്മേൽ തിരുത്തൽ വരുത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിൻപ്രകാരവും മുഖ്യജനനമരണരജിസ്ട്രാറുടെ സൂചന ശിപാർശ പരിഗണിച്ചുകൊണ്ടും മേൽ സർക്കുലറിലെ വ്യവസ്ഥകൾ റദ്ദ് ചെയ്തുകൊണ്ട് താഴെപ്പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ജനന മരണ രജിസ്ട്രേഷനുകളിലെ വസ്തുതാപരമായ തെറ്റുകൾ തിരുത്തൽ വരുത്തുന്നതിന് രജിസ്ട്രേഷനിലെ വിവരം തെറ്റാണെന്നും ശരിയായ വിവരങ്ങൾ എന്താണെന്നും തെളിയിക്കുന്നതിനുള്ള രേഖകൾക്കൊപ്പം ചട്ടം 11(2) ൽ നിഷ്കർഷിച്ചിട്ടുള്ളതിൻ പ്രകാരം രണ്ട് വിശ്വസനീയ വ്യക്തികളുടെ പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്തുന്നതിനുള്ള നടപടികൾ രജിസ്ട്രാർക്ക് സ്വീകരിക്കാവുന്നതാണ്.

ഉത്തരവിൻ പ്രകാരം

**ASHA A K**
**JOINT SECRETARY**

Signed by Krishnakumar S
Date: 16-04-2026 11:11:24
സെക്ഷൻ ഓഫീസർ.

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ഡയറക്ടർ (അർബൻ), തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4. മുഖ്യജനനമരണരജിസ്ട്രാർ, തിരുവനന്തപുരം.
5. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മേയർ/ ചെയർമാൻ/ പ്രസിഡന്റ്/ സെക്രട്ടറി എന്നിവർക്ക് (വകുപ്പ് മേധാവി മുഖേന)
6. എല്ലാ ജനനമരണരജിസ്ട്രാർമാർക്കും (മുഖ്യജനനമരണരജിസ്ട്രാർ മുഖേന)
7. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ.
8. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
9. കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ആർഡി3/118/2024/തസ്വഭവ).